തിരൂരങ്ങാടി മണ്ഡലത്തിൽ ന്യായവിലയ്ക്ക് ഭക്ഷ്യോല്പന്നങ്ങൾ വിതരണം നടത്താനുള്ള സംവിധാനങ്ങൾ

64 (2542) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ ന്യായവിലയ്ക്ക് ഭക്ഷ്യോൽപ്പന്നങ്ങൾ വിതരണം നടത്തുന്ന മാവേലി സ്റ്റോറുകൾ, വാഹന മാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ എന്നിവ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര എണ്ണം പ്രവർത്തനമാരംഭിച്ചു ; ഇനിയും ഈ സർക്കാരിന്റെ കാലത്ത് ഇത്തരം സംവിധാനങ്ങൾ പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തനമാരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

ഉണ്ട്.

എ.ആർ.ഡി.ശബരി സ്റ്റോർ - 4 എണ്ണം

മാവേലി സ്റ്റോർ - 1

കൂടാതെ പെട്ടിപ്പടി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്

മണലൂർ നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം

65 (2543) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മുഖേന മണലൂർ നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതുമൂലമുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ നിയോജക മണ്ഡലത്തിൽ ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് 1732 പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്തു. 2 രൂപ നിരക്കിൽ റേഷനരി നൽകുന്ന പദ്ധതിയിൽ പുതിയ വിഭാഗങ്ങളിൽ നിന്നായി 2544 കുടുംബങ്ങളെ കഴിഞ്ഞ ആഴ്ചവരെ തെരഞ്ഞെടുത്തു. ഇതു സംബന്ധിച്ച അപേക്ഷകൾ തുടർന്നും സ്വീകരിച്ച് നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചു വരുന്നു. ബി.പി.എൽ., എ.എ.വൈ കാർഡുടമകൾക്ക് ഓണം കിറ്റ് സൗജന്യമായി വിതരണം ചെയ്തു. പാവറട്ടി മാവേലി സ്റ്റോർ സപ്ലൈകോ സൂപ്പർ മാർക്കറ്റാക്കി അപ്ഗ്രേഡ് ചെയ്തു. മുല്ലശ്ശേരി എന്ന സ്ഥലത്ത് ഒരു പുതിയ സപ്ലൈകോ മാവേലി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് കാർഡ് നൽകുന്നതിനും പൊതുവിതരണ സമ്പ്രദായം ഊർജ്ജിതമാക്കി പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കാനും കഴിഞ്ഞു.

പുതിയേടത്തുപറമ്പിലും ഐക്കരപ്പടിയിലും പുതിയ മാവേലി സ്റ്റോറുകൾ

66 (2544) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിൽ പുതിയേടത്തുപറമ്പ്, ഐക്കരപ്പടി എന്നിവിടങ്ങളിൽ പുതിയ മാവേലി സ്റ്റോറുകൾ വേണമെന്ന ആവശ്യത്തിന്മേൽ ഇതിനകം സ്വീകരിച്ചനടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ സാമൂഹികമായി ഗുണകരമായ രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ വിൽപ്പന ലഭിക്കുന്ന സ്ഥലത്ത് അനുയോജ്യമായ 500 സ്ക്വയർ ഫീറ്റിൽ കുറയാത്ത കെട്ടിടം 2 വർഷത്തേക്ക് വാടക രഹിതമായും, സപ്ലൈകോ നിഷ്കർഷിക്കുന്ന മാനദണ്ഡം അനുസരിച്ചുള്ള കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളോ അഥവാ 40,000 രൂപയോ പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് സാദ്ധ്യതാപഠനം നടത്തി അനുയോജ്യമെങ്കിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പുതിയേടത്ത് പറമ്പിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അപേക്ഷ സാദ്ധ്യതാപഠന റിപ്പോർട്ടിനായി റീജിയണൽ മാനേജർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് അധികൃതർ മാവേലി സ്റ്റോർ തുടങ്ങുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. പെരുകാവ് പഞ്ചായത്തിൽ നിലവിൽ ഐക്കരപ്പടിയിൽ നിന്നും 2.5 കി.മീറ്റർ ദൂരത്തുള്ള പെരിയമ്പലത്ത് ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നത്.

LIBRARY ARCHIVES Kerala Legislative Assembly